"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവീസ് - ജീവനക്കാര്യം - അടൂർ നഗരസഭയിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രസാദ്.സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1144/2025 നമ്പർ കേസിലെ 01.07.2025 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1922/2025/LSGD തീയതി,തിരുവനന്തപുരം, 04-08-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025 തീയതിയിലെ LSGD/PD/19248-2025-DEB1 നമ്പർ ഉത്തരവ്.
2. ശ്രീ.പ്രസാദ്.സി സർക്കാരിൽ സമർപ്പിച്ച 28.06.2025 തീയതിയിലെ നിവേദനം (അനക്ഷർ എ9 ).
3. ശ്രീ.പ്രസാദ്.സി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 1144/2025 നമ്പർ കേസിലെ 01.07.2025 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.07.2025 തീയതിയിലെ LSGD/PD/21456/2025-LL2 നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ, അസി.സെക്രട്ടറി, എൽ.എസ്.ജി.ഐ തസ്തികയിലെ ജീവനക്കാരുടെ, പരാമർശം 1 പ്രകാരമുള്ള 2025 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചതിനെതിരെ അടൂർ നഗരസഭയിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രസാദ്.സി, പരാമർശം 2 (അനക്ഷർ എ9) പ്രകാരം, സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.പ്രസാദ്.സി, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ 1144/2025 നമ്പർ കേസിലെ 01.07.2025 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സമർപ്പിച്ച അനക്ഷർ എ 9 അപ്പീൽ, അപേക്ഷകന്റെ വരാനിരിക്കുന്ന വിരമിക്കൽ കൂടി കണക്കിലെടുത്ത്, പരിഗണിച്ച്, ഉത്തരവ് ലഭിച്ച തീയതി മുതൽ ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീ.പ്രസാദ്.സി, സമർപ്പിച്ച അനക്ഷർ എ 9 അപേക്ഷ പ്രകാരം, അടൂർ നഗരസഭയിൽ 22.03.2022 മുതൽ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്ത് വരുന്ന ടിയാൻ 31.05.2026 ൽ

സർവ്വീസിൽ നിന്നും വിരമിക്കേണ്ടതാണ് എന്നും പൊതുസ്ഥലംമാറ്റ അപേക്ഷയിൽ 31.03.2025 ൽ ഒരേ ആഫീസിൽ മൂന്ന് വർഷം ആകും എന്നതിനാൽ ജനറൽ ട്രാൻസ്ഫറിന് അപേക്ഷ നൽകേണ്ടതായി വന്നതായും, പ്രസ്തുത അപേക്ഷയിലെ നിർദ്ദിഷ്ട ലോക്കൽ ബോഡിയിൽ വേക്കൻസി ഇല്ലായെങ്കിൽ മറ്റൊരു സ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം ആവശ്യമില്ലായെന്ന് പ്രത്യേകം കാണിക്കുകയും ചെയ്തിരുന്നതായും അറിയിക്കുന്നു. അപേക്ഷ നൽകിയതിനാൽ സ്ഥലംമാറ്റ കരട് ലിസ്റ്റിൽ തന്നെ നഗരസഭയിൽ നിന്നും ടിയാൻ ആവശ്യപ്പെടാത്ത സ്ഥലമായ കൊറ്റനാട് ഗ്രാമപഞ്ചായത്തിലേക്ക് കൃൂ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും എന്നാൽ ഒഴിവുണ്ടായിരുന്ന പന്തളം, പത്തനംതിട്ട, തിരുവല്ല നഗരസഭകളിലേയ്ക്ക് ബോധപൂർവ്വമായി പരിഗണിക്കാതിരിക്കുകയും ചെയ്തതായും ഒരു വർഷത്തിൽ താഴെ മാത്രം റിട്ടയർമെന്റിന് ശേഷിക്കുന്ന ജീവനക്കാർ അപേക്ഷ നൽകേണ്ടതില്ല എന്ന പരിമിതമായ അറിവ് മൂലം അപേക്ഷ നൽകിയതാണെന്നും, അങ്ങനെ നൽകാതെ വന്നാൽ എവിടെയും സ്ഥലംമാറ്റത്തിന് പരിഗണിക്കാം എന്ന സമ്മതമായി കാണും എന്നതിനാലാണ് അപേക്ഷ നൽകേണ്ട സാഹചര്യങ്ങൾ ഉണ്ടായതെന്നും, ആകയാൽ തനിക്ക് പറ്റിയ തെറ്റാണ് സ്ഥലംമാറ്റ അപേക്ഷയെന്നും കാണിച്ച് 21.05.2025 ൽ ഉചിതമാർഗേന അപ്പീൽ നൽകിയിരുന്നു. എന്നാൽ പ്രസ്തുത അപ്പീൽ പിറ്റേ ദിവസം തന്നെ (22.05.2025) തള്ളിയും തീരുമാനിച്ചതായും അറിയിക്കുന്നു.

3. 20.06.2025 ൽ പുറപ്പെടുവിച്ചിട്ടുള്ള ഫൈനൽ കൃൂ ലിസ്റ്റിൽ, ആദ്യം അപേക്ഷിച്ചിരുന്ന തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുത്തിയതായി കണ്ടിരുന്നുവെങ്കിലും 28.06.2025 ലെ ഫൈനൽ ലിസ്റ്റിൽ കൊറ്റനാട് ഗ്രാമപഞ്ചായത്തിലേക്ക് നിയമിച്ച് ഉത്തരവായിരിക്കുന്നതായും അടൂർ നഗരസഭയിൽ ഫൈനൽ ലിസ്റ്റിൽ സ്ഥലംമാറ്റം ലഭിച്ച ശ്രീ.മഹേഷ് ടിയാൻ ഇപ്പോൾ ജോലി നോക്കുന്ന പഞ്ചായത്തിൽ സ്ഥലംമാറി വന്നിട്ട് 5 മാസം മാത്രമേ ആയിട്ടുള്ളൂവെന്നും കൂടാതെ ടിയാൻ 31 സ്ഥലങ്ങളിൽ ഓപ്ഷൻ നൽകിയിരുന്നതായും എന്നിട്ടും തന്റെ അപ്പീൽ അപേക്ഷയിന്മേൽ തനിക്ക് ലഭിക്കേണ്ട നീതി ലഭിക്കാതെയാണ് കൊറ്റനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിട്ടുള്ളതെന്നും സ്ഥലംമാറ്റ അപേക്ഷയിൽ തനിക്ക് പറ്റിയിട്ടുള്ള നോട്ടപ്പിശക് മാപ്പാക്കി റിട്ടയർമെന്റിന് 1 വർഷം മാത്രം ബാക്കിയുള്ള ഒരു ജീവനക്കാരന്റെ അവകാശം സർക്കാർ ഉത്തരവ് പ്രകാരം തനിക്ക് ലഭിക്കത്തക്കതരത്തിൽ അടൂർ നഗരസഭയിൽ തുടരാൻ അനുവദിക്കണമെന്ന് ശ്രീ.പ്രസാദ്.സി അപേക്ഷിക്കുകയുണ്ടായി.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, 2025 ലെ പൊതു സ്ഥലം മാറ്റത്തിൽ അടൂർ മുനിസിപ്പാലിറ്റിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രസാദ്.സി, Transfer Request Id TRN17431427070178 ആയി സ്ഥലം മാറ്റത്തിന് അപേക്ഷ നൽകിയിരുന്നതായി അറിയിക്കുന്നു. പൊതുസ്ഥലംമാറ്റം നടക്കുന്ന വർഷം ഏപ്രിൽ 1 മുതൽ തൊട്ടടുത്ത വർഷം മെയ് 31 വരെ സേവനത്തിൽ നിന്ന് വിരമിക്കുന്ന ജീവനക്കാരെ അവർ 3 വർഷത്തിലധികമായി അതേ ഓഫീസിൽ അതേ കാറ്റഗറി/തസ്തികയിൽ ജോലി ചെയ്ത് വരുന്നവരായാലും നിർബന്ധിത സ്ഥലംമാറ്റത്തിൽ നിന്ന് ഒഴിവാക്കേണ്ടതും നിലവിലെ ഓഫീസിൽ തുടരാൻ അനുവദിക്കേണ്ടതുമാണ്. എന്നാൽ ടി ജീവനക്കാർ സ്ഥലംമാറ്റത്തിനായി അപേക്ഷിക്കുന്ന പക്ഷം അർഹതയ്ക്ക് അനുസൃതമായി സ്ഥലംമാറ്റത്തിന് പരിഗണിക്കാവുന്നതാണ് എന്ന് 16.03.2024 ലെ സ.ഉ (കൈ) നം.46/2024/LSGD പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പൊതു സ്ഥലംമാറ്റം സംബന്ധിച്ച മാർഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലാണ് ശ്രീ.പ്രസാദ്.സി.യുടെ അപേക്ഷ പരിഗണിച്ച് ടിയാൻ മൂന്ന് വർഷത്തിലധികമായി (14.03.2022

മുതൽ) ഒരേ സ്റ്റേഷനിൽ തുടരുന്നതിനാൽ 16.03.2024 ലെ സ.ഉ (കൈ) നം.46/2024/LSGD ഉത്തരവിലെ ഖണ്ഡിക 2(ബി) ലെ വ്യവസ്ഥകൾ പ്രകാരം ടിയാന് സ്ഥലം മാറ്റം നൽകിയിട്ടുള്ളത് എന്നറിയിക്കുകയുണ്ടായി.

5. പൊതുസ്ഥലം മാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷയിൽ ശ്രീ.പ്രസാദ്.സി ഒരു സ്റ്റേഷൻ മാത്രമേ (തൃക്കാക്കര മുനിസിപ്പാലിറ്റി) ഓപ്റ്റ് ചെയ്തിരുന്നുള്ളൂവെന്നും, ടി സ്റ്റേഷനിൽ ഒഴിവുണ്ടാകാതിരുന്ന സാഹചര്യത്തിലാണ് ടിയാന് ഓപ്ഷനിലേക്ക് സ്ഥലം മാറ്റം ലഭിക്കാതിരുന്നത്. ടിയാൻ നിലവിലെ സ്റ്റേഷനിൽ നിന്നും സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തീകരിച്ച ജീവനക്കാരൻ എന്ന നിലയിൽ 16.03.2024 ലെ സ.ഉ (കൈ) നം.46/2024/LSGD ഉത്തരവിലെ ഖണ്ഡിക 2(ബി) ലെ വ്യവസ്ഥകൾ പ്രകാരം നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ ക്യൂ ലിസ്റ്റ് നിലവില്ലാത്ത സ്റ്റേഷനിലേക്കാണ് ശ്രീ.പ്രസാദ്-ന് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത്. ശ്രീ.പ്രസാദ്.സി യെ അടൂർ മുനിസിപ്പാലിറ്റിയിൽ സേവനത്തിൽ തുടരാൻ അനുവദിക്കുന്ന പക്ഷം പൊതുസ്ഥലം മാറ്റത്തിൽ മാനദണ്ഡ പ്രകാരം ഓപ്ഷൻ സമർപ്പിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ സീതത്തോട് ഗ്രാമപഞ്ചായത്തിൽ നിന്നും, അടൂർ മുനിസിപ്പാലിറ്റിയിലേക്ക് സ്ഥലം മാറ്റം ലഭ്യമായിട്ടുള്ള ശ്രീ.മഗേഷ്.എം ന് ടി കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുന്നതും, കൂടാതെ ശ്രീ.മഗേഷ് എം നെ സ്ഥലം മാറ്റുന്ന ഒഴിവിലേക്ക് സീതത്തോട് ഗ്രാമപഞ്ചായത്തിലേക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നുള്ള ശ്രീമതി.ഇന്ദുകലയെ നിയമിച്ചിട്ടുമുണ്ട് എന്നും, ശ്രീമതി.ഇന്ദുകല സീതത്തോട് ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്യാൻ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും അടൂർ മുനിസിപ്പാലിറ്റിയിൽ ശ്രീ.പ്രസാദ്.സി ബഹു.ട്രിബ്യൂണൽ ഉത്തരവ് പ്രകാരം നിലനിൽക്കുന്നതിനാൽ ശ്രീ.മഗേഷ് എം വിടുതൽ ചെയ്തിട്ടില്ലാത്തതും ടിയാൾക്ക് ജോലിയിൽ പ്രവേശിക്കുന്നതിന് സ്റ്റേഷൻ നിലവിലില്ലാത്തതുമാണ്. ഇപ്രകാരം പൊതുസ്ഥലം മാറ്റത്തിൽ സ്ഥലം മാറ്റം ലഭ്യമായ ഒരു ജീവനക്കാരനെ നിലവിലെ സ്റ്റേഷനിൽ തുടരാനനുവദിക്കുന്നത് സ്ഥലംമാറ്റ പ്രക്രിയയെ പ്രതികൂലമായി ബാധിക്കുമെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. കൂടാതെ സോഫ്റ്റ് വെയർ മുഖേന നടപ്പിലാക്കുന്ന പൊതുസ്ഥലം മാറ്റത്തിന്മേലുള്ള ആക്ഷേപങ്ങളും അപ്പീലുകളും സോഫ്റ്റ് വെയർ മുഖേന തന്നെ സമർപ്പിക്കേണ്ടതാണെന്ന് 16.03.2024 ലെ സ.ഉ (കൈ) നം.46/2024/LSGD ഉത്തരവിലെ ഖണ്ഡിക 13 (സി) ൽ വ്യക്തമാക്കിയിട്ടുള്ളതാണ് എന്നും അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ആക്ഷേപമുള്ള പക്ഷം ആയത് പൊതുസ്ഥലംമാറ്റ സോഫ്റ്റ് വെയർ മുഖേന സർക്കാരിലേക്ക് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025 ലെ LSGD/PD/19248/2025-DEB1 ഉത്തരവിൽ വ്യക്തമാക്കുകയും, ആയതിന് സോഫ്റ്റ് വെയറിൽ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം അനക്ഷർ എ9 അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും പൊതു സ്ഥലംമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പൊതുസ്ഥലം മാറ്റത്തിനായുള്ള ഓൺലൈൻ അപേക്ഷയിൽ ശ്രീ.പ്രസാദ്.സി ഒരു സ്റ്റേഷൻ മാത്രമേ (തൃക്കാക്കര മുനിസിപ്പാലിറ്റി) ഓപ്റ്റ് ചെയ്തിരുന്നുള്ളൂ. ടി സ്റ്റേഷനിൽ ഒഴിവുണ്ടാകാതിരുന്ന സാഹചര്യത്തിലാണ് ടിയാന് ഓപ്ഷനിലേക്ക് സ്ഥലം മാറ്റം ലഭിക്കാതിരുന്നത്. ടിയാൻ നിലവിലെ സ്റ്റേഷനിൽ (അടൂർ മുനിസിപ്പാലിറിറി) നിന്നും സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ

സ്റ്റേഷനിൽ മൂന്ന് വർഷം പൂർത്തീകരിച്ച ജീവനക്കാരൻ എന്ന നിലയിൽ 16.03.2024 ലെ സ.ഉ (കൈ) നം.46/2024/LSGD ഉത്തരവിലെ ഖണ്ഡിക 2(ബി) ലെ വ്യവസ്ഥകൾ പ്രകാരം നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ ക്യൂ ലിസ്റ്റ് നിലവില്ലാത്ത സ്റ്റേഷനിലേക്കാണ് ശ്രീ.പ്രസാദ്-ന് സ്ഥലംമാറ്റം അനുവദിച്ചിട്ടുള്ളത്.

7. ശ്രീ.പ്രസാദ്.സി യെ അടൂർ മുനിസിപ്പാലിറ്റിയിൽ സേവനത്തിൽ തുടരാൻ അനുവദിക്കുന്ന പക്ഷം പൊതുസ്ഥലം മാറ്റത്തിൽ മാനദണ്ഡ പ്രകാരം ഓപ്ഷൻ സമർപ്പിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം ലഭിച്ചവർക്ക് സേവനത്തിൽ പ്രവേശിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാവുകയും ആയത് സ്ഥലംമാറ്റ പ്രക്രിയയെ പ്രതികൂലമായി ബാധിക്കുമെന്നും കാണുന്നു. കൂടാതെ അന്തിമ സ്ഥലംമാറ്റ പട്ടികയിൽ ആക്ഷേപമുള്ള പക്ഷം ആയത് പൊതുസ്ഥലംമാറ്റ സോഫ്റ്റ് വെയർ മുഖേന സർക്കാരിലേക്ക് നൽകുന്നതിന് സോഫ്റ്റ് വെയറിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതുമാണ്.

8. മേൽ സാഹചര്യത്തിൽ അടൂർ നഗരസഭയിൽ നിലനിർത്തണമെന്ന ജൂനിയർ സൂപ്രണ്ട് ശ്രീ.പ്രസാദ്.സി-യുടെ അനക്ഷർ എ 9 അപേക്ഷയിലെ ആവശ്യം നിലവിൽ പരിഗണിക്കാൻ നിർവ്വാഹമില്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു. എന്നാൽ പൊതുസ്ഥലംമാറ്റ സോഫ്റ്റ് വെയർ മുഖേന ഉചിതമായ രേഖകൾ സഹിതം ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് 28.07.2025 തീയതിയിലെ സ.ഉ(സാധാ)നം. 1856/2025/തസ്വഭവ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പീൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് ഉചിതമായ തീരുമാനമെടുത്ത് തീർപ്പാക്കുന്നതുമാണ്.

9. മേൽ പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 1144/2025 നമ്പർ കേസിലെ 01.07.2025 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ.പ്രസാദ്.സി, ജൂനിയർ സൂപ്രണ്ട്, അടൂർ നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-08-2025 15:24:51
സെക്ഷൻ ഓഫീസർ